# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5266** — **23/05/2017-ൽ മറുപടിയ്ക്ക്**

## ''ലൈഫ്'' ഭവനനിർമ്മാണ പദ്ധതി

| ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയായ ''ലൈഫ്'' ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | സംസ്ഥാനത്ത് ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവ തരംതിരിച്ച് പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട് സർവ്വേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാ എൻട്രിയും അന്തിമഘട്ടത്തിലാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത്തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ച ശേഷം പരാതി പരിഹരിച്ച്. ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ പട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ജൂൺ മാസം അവസാനത്തോടെ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിച്ച് നൽകുന്നതിനായി സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട് ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും ഒരു ഭവനസമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; | (ബി) | കുടുംബശ്രീമുഖേന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായി. വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു ആയതിനുശേഷം പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃപട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) | ലൈഫ് പദ്ധതി പ്രകാരം നിലവിൽ വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടോ; എത്ര വീടുകളാണ് ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ഇതുവരെ ലൈഫ്പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ച് നൽകിയിട്ടില്ല. ഭവനരഹിതരാണെന്ന് കണ്ടെത്തുന്ന എല്ലാവർക്കും ഭവനം നിർമ്മിച്ച് നൽകുന്നതിനും ധനസഹായം നൽകുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് ഏതൊക്കെ ഫണ്ടുകളാണ് ലഭ്യമാക്കുന്നത്; ഇതിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്? | (ഡി) | നിലവിലുള്ള വിവിധ വകുപ്പുകളുടെ ഭവനപദ്ധതി, കേന്ദ്രാവിഷ്കൃത ഭവനപദ്ധതികൾ (എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാന മന്ത്രി ആവാസ് യോജന (നഗരം), പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമം)) എന്നിവയുമായി സംയോജിപ്പിച്ചാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്. ഇതിനുപുറമേ ആവശ്യമായി വരുന്ന തുക സംസ്ഥാന സർക്കാരിന്റെ വിഹിതവും, മറ്റ് വിവിധ മാർഗ്ഗങ്ങൾ വഴിയും ക ണ്ടെത്തുന്നതാണ്.<br>ലൈഫ് മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2016-17 ൽ 6 കോടി രൂപ നീക്കിവച്ചിരുന്നു സർവ്വേ പൂർത്തീകരിച്ച് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തിയശേഷം മിഷന് ആവശ്യമായ് അധികതുക കണ്ടെത്തുന്നതാണ് |

സെക്ഷൻ ഓഫീസർ